**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1641** **08-02-2023 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷ്വറൻസ് നൽകുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരമായി നൽകുന്ന തുക ഏത് വർഷം വരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ച കർഷകർക്ക നഷ്ടപരിഹാരമായി നടപ്പ സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി അഞ്ചു കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 4.8939426 കോടി രൂപ 5869 കർഷകർക്കായി വിതരണം നടത്തിയിട്ടുണ്ട്. പ്രസ്തുത തുക 2021 ഏപ്രിൽ മാസം വരെയുള്ള നഷ്ടപരിഹാരത്തിനായി എയിംസ് മുഖേന സമർപ്പിച്ച അപേക്ഷകളിൽ അംഗീകരിച്ച ക്ലെയിമുകളുടെ തുക വിതരണം നടത്തിയിട്ടുണ്ട്<br><br>**സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന നഷ്ടപരിഹാരം നൽകുന്നതിന് നടപ്പ സാമ്പത്തിക വർഷത്തിൽ 30 കോടി രൂപ ബഡ്ജറ്റ് വിഹിതമായും 10 കോടി രൂപ അധിക ധനാനുമതിയായും അനുവദിച്ചിട്ടുണ്ട്. അതിൽ 39.99 കോടി രൂപ 25563 കർഷകർക്കായി വിതരണം നടത്തിയിട്ടുണ്ട്. പ്രസ്തുത തുക 2022 മെയ് മാസം വരെയുള്ള നഷ്ടപരിഹാരത്തിനായി എയിംസ് മുഖേന സമർപ്പിച്ച അപേക്ഷകളിൽ അംഗീകരിച്ച ക്ലെയിമുകളുടെ തുക വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിന്നും 4.03 ലക്ഷം രൂപ ഈ ഇനത്തിൽ 46 കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.** |
| (ബി) | നഷ്ടപരിഹാരത്തുക നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | അപ്രതീക്ഷിതമായി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ മൂലം വിളനാശം അധികരിക്കുന്ന സാഹചര്യത്തിൽ ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നതിന് മതിയായ തുക ബഡ്ജറ്റിൽ ലഭ്യമല്ലാത്തതിനാലാണ് പലപ്പോഴും സമയബന്ധിതമായി നഷ്ടപരിഹാരത്തുക നൽകുന്നതിന് കാലതാമസം നേരിടുന്നത്. |

| | | | |
|---|---|---|---|
| (സി) | കാലവിളംബമില്ലാതെ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രകൃതിക്ഷോഭം മൂലമുള്ള കൃഷി നഷ്ടത്തിന് റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്ന SDRF ന് പുറമെ കൃഷി വകുപ്പ് സംസ്ഥാന വിഹിതം കൂടി ചേർത്താണ് കർഷകർക്ക് നൽകി വരുന്നത്. സർക്കാരിൽ നിന്നും അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിനു പുറമെ അധികമായി തുക ആവശ്യം വന്നതിനാലാണ് സമയബന്ധിതമായി നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടായത്. അതിനാൽ ഇനിയും നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ